# മാർ തോമാ നസ്രാണി സംഘം

**AN ASSOCIATION OF ST THOMAS CHRISTIANS**

**Reg. No. ALP/TC/150/2023**

## ഓഗസ്റ്റ് 10, 2024 നു MTNS സിനഡ് പിതാക്കന്മാർക്ക് അയച്ച കത്തിന്റെ പൂർണ രൂപം!

## സിറോ മലബാർ സഭാ സുന്നഹദോസ് അംഗങ്ങളായ, സഭയുടെ തലവനും പിതാവും ആയ ശ്രേഷ്ഠ മെത്രാപ്പോലീത്തക്കും, എല്ലാ മെത്രാപ്പോലീത്തമാർക്കും, എല്ലാം മെത്രാന്മാർക്കും, എറണാകുളം അങ്കമാലി അതിരൂപതയിലെ വിശ്വാസ സമൂഹം (MTNS) സമർപ്പിക്കുന്ന അപേക്ഷ

മാർ തോമാ നസ്രാണി സംഘം
AN ASSOCIATION OF ST THOMAS CHRISTIANS
Reg. No. ALP/TC/150/2023

Dn0410082024

Ernakulam
10/08/2024

### 1. വിശ്വാസികളുടെ കാനോനികമായ അവകാശം

സീറോ മലബാർ സഭയിലെ വിശ്വാസികളായ ഞങ്ങൾ, നമ്മുടെ സീറോ മലബാർ വിശുദ്ധ കുർബാനയുടെ ഐക്യത്തെയും പവിത്രതയെയും സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള ഒരു വിഷയം ആദരപൂർവം അവതരിപ്പിക്കട്ടെ.

സഭയിലെ ഇടയന്മാരെ അനുസരിക്കണമെന്ന് പറയുന്ന അതേ കാനോനയുടെ രാം ഖണ്ഡിക, വിശ്വാസികൾക്ക് കടമകൾ മാത്രമല്ല, പ്രത്യുത, ചില അവകാശങ്ങൾകൂടിയു് എന്നുകൂടി ഓർമ്മിപ്പിക്കുന്നു: "തങ്ങളുടെ ആവശ്യങ്ങളും - പ്രത്യേകിച്ച് ആദ്ധ്യാത്മികമായവ - ആഗ്രഹങ്ങളും സഭയിലെ ഇടയന്മാരെ അറിയിക്കുവാൻ ക്രിസ്തീയ വിശ്വാസികൾക്ക് സ്വാതന്ത്ര്യമുണ്ട്"
(CCEO c.15, •2). തീരുമാനങ്ങളെടുക്കുന്നതിന് മുമ്പും അത് നടപ്പിലാക്കുന്ന കാര്യത്തിലും വിശ്വാസികളുടെ മനസ്സും അഭിപ്രായവും അറിയുവാൻ സഭാധികാരികൾ ശ്രമിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. ഇതേ കാനോനയുടെ മൂന്നാം ഖണ്ഡിക ഇങ്ങനെ നിഷ്കർഷിച്ചിരിക്കുന്നു: 'സഭയുടെ നന്മയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ തങ്ങളുടെ അഭി പ്രായം സഭയിലെ ഇടയന്മാരെയും, വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സമഗ്രതയ്ക്കും അതേ ഇടയന്മാരോടുള്ള ബഹുമാനത്തിനും തക്കതായ പരിഗണന നല്കിക്കൊണ്ടും പൊതുനന്മയും വ്യക്തിക ളുടെ പദവിയും കണക്കിലെടുത്തുകൊും ക്രിസ്തീയവിശ്വാസികളിൽ മറ്റുള്ളവരെയും, അറിയിക്കുവാൻ തങ്ങളുടെ അറിവിനും പ്രാപ്തിക്കും സ്ഥാനത്തിനുമനുസരിച്ച് വിശ്വാസികൾക്ക് അവകാശവും ചിലപ്പോൾ കമെയുമുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളിൽ അത്മായർക്ക് ഒരു പ്രധാനവും ഉന്നതവുമായ സ്ഥാനം കത്തോലിക്കാസഭയിൽ നല്കുന്നുണ്ട്. 'മെത്രാന്മാർ അത്മായർക്ക് സഭയിലുള്ള ഉന്നതസ്ഥാനവും ഉത്തരവാദിത്വവും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. അൽമായരുടെ വിവേകപൂർവകമായ ഉപദേശം മഹാമനസ്കതയോടെ ഉപയോഗപ്പെടുത്തണം'(LG 37).

405-ാം കാനോന അത്മായരുടെ അവകാശ കടമകളെപ്പറ്റി ഇങ്ങനെ വ്യക്തമാക്കുന്നു: 'അത്മായർ തങ്ങളുടെ ആരാധനക്രമപരവും ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവും ശിക്ഷണപരവുമായ പൈതൃകം താല്പ ര്യപൂർവം പഠിക്കേതാണ്. അത്മായരുടെ കർത്തവ്യമാണ് സ്വന്തം സ്വയാധികാര സഭയുടെ (sui iuris Church) ആരാധനക്രമം, ദൈവശാസ്ത്രം, ശിക്ഷണം, ആദ്ധ്യാത്മി കത എന്നിവ ഉൾക്കൊള്ളുന്ന സഭാപാരമ്പര്യം ആഴമായി പഠിക്കുകയും അതിനോട് വിശ്വസ്തത പാലിക്കുകയും ചെയ്യുക എന്നുള്ളത്.

CENTRAL COMMITTEE REGIONAL COMMITTEE
Panadan Ventures Pvt. Ltd., CUSAT, Kalamassery, Kochi, Kerala 682022
PHONE: +91 95822 12370, +91 98959 80132
marthomanazranisangham@gmail.com www.marthomanazranisangham.com

പ്രസ്തുത കാനോനകൾ അടിസ്ഥാനമാക്കിയും കാനോനിക അവകാശം ഉപയോഗപ്പെടുത്തിയും , എറണാകുളം - അങ്കമാലി അതിരൂപതയിൽ വിശുദ്ധ കുർബാനയുടെ ഏകീകൃത രീതി നടപ്പിലാക്കാൻ ഞങ്ങൾ വിനയപൂർവ്വം ആവശ്യപ്പെടുകയും 2024 ആഗസ്റ്റിലെ സിനഡ് യോഗത്തിൽ നിർണായക നടപടിയെടുക്കാൻ പരിശുദ്ധ സിനഡിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

## 2. മാർപ്പാപ്പയുടെ നിർദ്ദേശവും സിനഡൽ പിതാക്കന്മാരുടെ ഉത്തരവാദിത്വവും

2024 മെയ് 13 - ന്, ഫ്രാൻസിസ് മാർപാപ്പ സീറോ - മലബാർ കത്തോലിക്കാ വിശ്വാസികളെ അഭിസംബോധ ചെയ്യവെ, അവരുടെ സഭ 'സുയി യൂറിസിൽ ' ( സ്വയം അധികാര സഭ ) ഉൾപ്പെട്ടവരാണെന്ന ബോധം വളർത്തിയെടുക്കാനും, പഠിക്കാനും ആവശ്യപ്പെട്ടു. അങ്ങനെ നമ്മുടെ സമ്പന്നമായ ആരാധനാക്രമവും, ദൈവശാസ്ത്രപരവും, ആത്മീയവും, സാംസ്കാരികവുമായ പൈതൃകം കൂടുതൽ തിളക്കമാർന്നതായിരിക്കുമെന്നും പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിച്ചു.( CCEO 28 )

2000 വർഷത്തെ പാരമ്പര്യമുള്ള സീറോ മലബാർ സഭയ്ക്ക് വെല്ലുവിളികൾ നിറഞ്ഞ ചരിത്രമുണ്ട്. നമ്മുടെ സഭാപിതാക്കന്മാരും പൂർവ്വികരും പകർന്നുനൽകിയ വിശ്വാസങ്ങളും പാരമ്പര്യങ്ങളും സംരക്ഷിക്കപ്പെടുകയും, ഭാവി തലമുറകൾക്ക് കൈമാറുകയും വേണം. ഫ്രാൻസിസ് മാർപാപ്പ എടുത്തുകാണിച്ചതുപോലെ, നമ്മുടെ സഭയുടെ മഹത്തായ ഈ പൈതൃകം ഭാവി തലമുറകൾക്ക് നഷ്ടമാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് സിനഡ് പിതാക്കന്മാരുടെ കടമയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെപ്പറ്റിയുള്ള കോൺസ്റ്റിറ്റ്യൂഷന്റെ 22-ാം ഖണ്ഡികയിൽ ഇങ്ങനെ നാം കാണുന്നു: 1. 'ആരാധനക്രമത്തിന്റെ നിയന്ത്രണം തിരുസ്സഭാധികാരികളെ, അതായത്, പരിശുദ്ധ സിംഹാസനത്തേയും നിയമം അനുവദിക്കുന്നെങ്കിൽ മെത്രാനേയും ആശ്രയിച്ചിരിക്കുന്നു. 2. നിയമദത്തമായ അംഗീകാരമുപയോഗിച്ച് നിശ്ചിതപരിധിക്കുള്ളിൽ നിയമാനുസാരം സ്ഥാപിതമായ മെത്രാന്മാരുടെ പ്രാദേശിക സംഘങ്ങൾക്കും ആരാധനക്രമസംബന്ധമായ നിയമനിർമ്മാണം നടത്താവുന്നതാണ്. 3. തന്മൂലം മറ്റാർക്കും ഒരു വൈദികനുപോലും സ്വാധികാരത്താൽ ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതല്ല' (ടഇ, 22). ഈ മേലുദ്ധരിച്ച കൗൺസിൽ ഡിക്രിയിൽനിന്ന് വ്യക്തമാണ് .ആരാധനക്രമത്തിൽ ഒരു മെത്രാനും അനിയന്ത്രിതമായ അധികാരങ്ങളോ അവകാശങ്ങളോ ഇല്ല എന്നത്. 'നിയമം അനുവദിക്കുന്നെങ്കിൽ" എന്നാണ് മെത്രാന്റെ അവകാശ ത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്. അതിനാൽ തന്നെ, നിയമത്തിൽ എന്തു പറഞ്ഞിരിക്കുന്നു എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

"തനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന രൂപതയിലെ ആരാധനജീവിതം മുഴുവന്റേയും നിയന്താവും പ്രോത്സാഹകനും സംരക്ഷകനും എന്ന നിലയിൽ അതിനെ പരമാവധി പരിപോഷിപ്പിക്കുവാനും സ്വയാധികാരസഭയുടെ നിയമാനു സൃതമായ ആചാരങ്ങളും നിബന്ധനകളും അനുസരിച്ച് ക്രമീകരിക്കുവാനും രൂപതാമെത്രാൻ ശ്രദ്ധാലുവായിരിക്കണം" (CCEO, ര. 119, para 1). **സ്വന്തം ബോദ്ധ്യങ്ങൾക്കനുസരിച്ചല്ല, പ്രത്യുത 'സ്വയാധികാരസഭയുടെ നിയമാനുസൃതമായ ആചാരങ്ങളും നിബന്ധനകളും അനുസരിച്ചാണ് രൂപതാമെത്രാൻ തനിക്ക് ഭരമേല്പി ക്കപ്പെട്ടിരിക്കുന്ന രൂപതയിലെ ആരാധനജീവിതം ക്രമീകരിക്കേതെന്ന് കാനൻ നിയമം അർത്ഥശങ്കയ്ക്കിട യില്ലാത്തവിധം ഇവിടെ പ്രഖ്യാപിക്കുന്നു.**

അഭിവന്ദ്യരായ സിനഡ് പിതാക്കന്മാർ ഇത് ഗൗരവത്തോടെ കാണേതും ആഗസ്റ്റ് മാസത്തിലെ പരിശുദ്ധ സിനഡിൽ എറണാകുളം അങ്കമാലി അതിരൂപതയിൽ, സഭാവിരുദ്ധവും നിയമവിരുദ്ധവുമായ ആരാധനാക്രമ രീതികൾ ഉാകുന്നില്ല എന്ന് ഉറപ്പുവരുത്തേതും ആണ്.

പരിശുദ്ധ പിതാവും പരിശുദ്ധ സിംഹാസനവും ഇത്രയേറെ നിർദ്ദേശങ്ങളും ഉത്തരവാദിത്വങ്ങളും പരിശുദ്ധ സിനഡിനെ ഏൽപ്പിച്ചിട്ടും ആരാധനക്രമപരമായ വിഷയങ്ങളിൽ, എറണാകുളം അങ്കമാലി അതിരൂപതയിൽ തുടരുന്ന ദുർസാക്ഷ്യങ്ങളും, അനുസരണക്കേടുകളും, സഭാ നടപടികളിലൂടെ, അവസാനിപ്പിക്കാതിരിക്കുന്നത്, പരിശുദ്ധ സിനഡിന്റെ താല്പര്യക്കുറവും അതിലേറെ വലിയ വീഴ്ചയുമാണ് എന്ന് വിശ്വാസികളായ ഞങ്ങൾ വേദനയോടെ പരിശുദ്ധ സിനഡ് പിതാക്കന്മാരെ ഓർമ്മിപ്പിക്കട്ടെ.അതുകൊണ്ട് സഭാ പ്രബോധനങ്ങൾ വ്യക്തിപരമായ അജകൾക്കായി അട്ടിമറിക്കപ്പെടാതെ നോക്കേണ്ടത് സിനഡ് പിതാക്കന്മാരുടെ പരമമായ കടമയാണ്.

വത്തിക്കാന്റെ അംഗീകാരം 2021 ജൂൺ 9-ാം തീയതി ലഭിച്ച്, 2021 സെപ്റ്റംബർ 8-ാം തീയതി പ്രഖ്യാപിച്ച്, 2021 നവംബർ 28-ാംതീയതി സീറോ-മലബാർ സഭ മുഴുവനും നടപ്പിൽ വരുത്തിയ പുതിയ കുർബാനക്രമം സംബന്ധിച്ചാണ് ഇന്നും എറണാകുളം-അങ്കമാലി രൂപതയിലെ വിമതർ, ഇത് തങ്ങൾക്ക് ബാധകമല്ല എന്ന രീതിയിലുള്ള നിഷേധാത്മകമായ നിലപാട് എടുത്തിരിക്കുന്നത്. ഇതല്ലാതെ, മറ്റൊരു വിശുദ്ധ കുർബാന അർപ്പണ രീതിയും ഇന്ന് സീറോ-മലബാർസഭയിൽ നൈയ്യാമികമായി നിലവിലില്ല എന്നതാണ് വസ്തുത.

**ദൈവജനത്തിന് ഉതപ്പിന് കാരണമാകുന്ന നിരന്തരമായ അനുസരണക്കേട് തെറ്റിന്റെ തലത്തിൽനിന്ന് ശിക്ഷാർ ഹമായ കുറ്റത്തിന്റെ തലത്തിലേക്ക് വ്യക്തി ഗത കല്പനകളും നൈയ്യാമികമായ മുന്നറിയിപ്പുകളും നല്കി (penal precept and canonical warnings) ഉയർത്തിക്കൊ് ശിക്ഷാനടപടികളിലേക്ക് കടക്കുവാൻ മേജർ ആർച്ച് ബിഷപ്പിനും സീറോ-മലബാർ സിനഡിനും കടമയുണ്ട്. എന്നാൽ അത് ഉണ്ടാകാത്തത് സഭയെ നാശത്തിലേക്ക് മാത്രമേ നയിക്കൂ എന്ന ആശങ്ക ഇവിടെ പങ്കു വയ്ക്കട്ടെ.**

സിനഡ് തീരുമാനപ്രകാരമുള്ള സീറോ മലബാർ സഭയിലെ വി. കുർബാനയർപ്പണരീതി 2021 നവംബർ 28-ാം തീയതി മുതൽ ആരംഭിക്കേതായിരുന്നു. സീറോ മലബാർ സഭയിലെ മുപ്പത്തിയഞ്ച് രൂപതകളിൽ മുപ്പത്തിനാ ലിലും അത് നടപ്പിലാക്കിയെങ്കിലും എറണാകുളം-അങ്കമാലി അതിരൂപതയിൽ അത് ഉണ്ടായില്ല. അത് ഖേദകര മാണ്. "അതിനാൽ സിനഡ് നിശ്ചയിച്ചപ്രകാരം, വി. കുർബാനയാഘോഷത്തിന്റെ രൂപം എങ്ങനെയാകണമെന്ന സിനഡിന്റെ തീരുമാനം 2022 ഈസ്റ്ററിനു മുമ്പായി താമസംവിനാ നടപ്പാക്കാൻ പിതൃനിർവി ശേഷമായി ഉദ്ബോ ധിപ്പിച്ചുകൊണ്ട് പരിശുദ്ധ പിതാവ് എഴുതിയ കത്ത് ഇന്നും വിശ്വാസികളുടെ കണ്ണിന്റെ മുമ്പിൽ നിൽക്കുന്നു.

## 3. വിശുദ്ധ കുർബാനയിൽ ഐക്യം ഊട്ടിയുറപ്പിക്കുക

ഫ്രാൻസിസ് മാർപാപ്പയുടെ നിർദ്ദേശപ്രകാരം 2024 മെയ് 15-ന് നടന്ന ഹൈക്കമാൻഡ് യോഗത്തിൽ, സീറോ മലബാർ സഭയിൽ, പ്രത്യേകിച്ച് എറണാകുളം-അങ്കമാലി അതിരൂപതയിൽ വിശുദ്ധ കുർബാനയുടെ ഏകീകൃത രീതി അടിയന്തരമായി നടപ്പിലാക്കാൻ സുപ്രധാന തീരുമാനമായതായും ഒന്നൊന്നായി അവ എടുത്ത് പറഞ്ഞ് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് തന്നെ 2024 ജൂൺ 9 ന് ഔദ്യോഗിക സർക്കുലർ പുറപ്പെ ടുവിക്കുകയും ചെയ്തതാണല്ലോ.

**മാർപാപ്പയുടെയും പരിശുദ്ധ സിംഹാസനത്തിന്റെയും വ്യക്തമായ നിർദേശങ്ങൾ പാലിക്കാൻ സഭാപരമായ ധൈര്യത്തോടെയും അജപാലന വിവേകത്തോടെയും ജൂൺ 9 – ലെ സർക്കുലർ, പരിശുദ്ധ പിതാവ് പറഞ്ഞതു പോലെ തന്നെ നടപ്പിലാക്കണം.**

കാനോനിക ശിക്ഷാ നടപടികൾക്ക് സമയോചിതമായ അനുമതി ലഭിക്കാത്തതും സിനഡിന്റെ നിഷ്ക്രിയത്വവും ഇതിനകം തന്നെ മുഴുവൻ സീറോ മലബാർ സഭയ്ക്കും പ്രത്യേകിച്ച് കത്തോലിക്കാ സഭയ്ക്കും ഗണ്യമായ നാശനഷ്ടം വരുത്തിക്കഴിഞ്ഞു. 2024 ആഗസ്റ്റ് മാസത്തെ പരിശുദ്ധ സിനഡ്, ഉന്നത അധികാര സഭ, എന്ന നിലയിൽ, അതിലെ ഏതാനും അംഗങ്ങളുടെ വ്യക്തിപരമായ അജകളാൽ സ്വാധീനിക്കപ്പെടാതെ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

**2024 മെയ് 15 ന് വത്തിക്കാനിൽ നടന്ന ഹൈക്കമാൻഡ് യോഗത്തിൽ പുറപ്പെടുവിച്ച മാർപാപ്പയുടെ നിർദ്ദേശ ങ്ങളും ജൂൺ 9 ന്റ റദ്ദാക്കപ്പെടാത്ത സർക്കുലർ തീരുമാനങ്ങളും അട്ടിമറിക്കപ്പെടരുത്.**

**വത്തിക്കാൻ ഉന്നത അധികാരികളുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുത്ത കാര്യങ്ങൾ കൃത്യമായി നടപ്പാക്കുമെന്ന് സിനഡ് ഉറപ്പാക്കണം.**

## 4. 2024 ജൂലൈ 1 വിശദീകരണ കുറിപ്പ് സിനഡ് തീരുമാനത്തിന് വിരുദ്ധമാണ്.

വിശ്വാസികൾക്ക് അറിയാവുന്നിടത്തോളം, 2024 ജൂലൈ 1-ന് ഒരു വിശദീകരണ കുറിപ്പായി പുറത്തിറക്കിയ സമവായ പ്രസ്താവനകൾക്ക് നിയമപരമായും കാനോനികമായും നിലനിൽപ്പ് ഇല്ല. 'ജനാഭിമുഖ കുർബാന ' നിയമവിരുദ്ധമാണെന്ന് പരിശുദ്ധസീറോ മലബാർ സിനഡ് നേരത്തെ തന്നെ ഔദ്യോഗികമായി വ്യക്തമാക്കി യിട്ടുള്ളതാണ്.

കൂടാതെ, 2024 ജൂൺ 21-ലെ മേജർ ആർച്ച് ബിഷപ്പും അപ്പസ്തോലിക്ക് അഡ്മിനിസ്റ്റേറും കൂടി പുറപ്പെടുവിച്ച സിനഡാനന്തര നോട്ടീസ് ജനാഭിമുഖ കുർബ്ബാനയ്ക്ക് യാതൊരു നിയമസാധുതയും നൽകുന്നില്ല എന്ന് എടുത്തു പറയേത് തന്നെയാണ്. മാത്രമല്ല, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുള്ളിൽ ഒരു ആരാധനാക്രമ വേരിയന്റായി അനുവദിച്ചിരിക്കുന്നതായും കാണുന്നില്ല.

ജൂൺ 21ലെ അറിയിപ്പ് ,ജൂൺ 9 സർക്കുലർ പൂർണ്ണമായും നിലനിൽക്കുന്നതാണ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുമുണ്ട്.

Ecclesia semper reformanda est' 'സഭ എന്നും നവീകരിക്കപ്പെടേണ്ടവളാണ്' എന്ന തത്ത്വത്തെ പിൻതുടർന്നുകൊണ്ട് ഒരു സഭയെ യഥാർത്ഥ സഭയാക്കി മാറ്റുന്നതിൽ ഏറ്റവും പ്രധാനമായ പങ്കു വഹിക്കുന്ന, അതിന്റെ ആരാധനക്രമത്തിന്റെ മകുടമായ, വിശുദ്ധ കുർബാനയുടെ തക്സയുടേയും അർപ്പണ രീതിയുടേയും പരിഷ്കരണം പൂർത്തിയാക്കി 2021 നവംബർ 28-ാം തീയതി അത് സീറോ-മലബാർ സഭയിൽ നടപ്പിൽ വരുത്തി.ഇരുപതിൽപ്പരം വർഷത്തെ ചർച്ചകൾക്കുശേഷം സീറോ-മലബാർ സഭ യുടെ നിയമനിർമ്മാണ സഭയായ സിനഡ് തീരുമാനിച്ച് ,പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാര ത്തോടുകൂടി നിയമമാക്കിയ കാര്യത്തെപ്പറ്റി, അതും മുപ്പത്തഞ്ച് രൂപതകളിൽ മുപ്പത്തിനാലിലും നടപ്പിലാക്കിയ ഒരു നിയമത്തെപ്പറ്റി, ഒരു രൂപതയിലെ എതിർപ്പ് മാത്രം പരിഗണിച്ചുകൊണ്ട് വീും ആ നിയമം, പ്രസ്തുത പ്രശ്നബാധിത അതിരൂപതയായ എറണാകുളം അങ്കമാലിയിൽ വേണമോ എന്ന് ചർച്ച ചെയ്യുന്നതും, സീറോ മലബാർ സഭയുടെ പരിശുദ്ധ മെത്രാൻ സിനഡുകളിൽ വീും വീും ചർച്ചാ വിഷയവും, ഒരു ' പൊതിയാ തേങ്ങയുമായി ' നീട്ടികൊണ്ട് പോകുന്നത് അങ്ങേയറ്റം അപലപനീയവും, സഭയ്ക്കാകെ അപമാനവുമാണ്.
സീറോ-മലബാർ ലിറ്റർജി സംബന്ധിയായ സിനഡിന്റെ തീരുമാനം പരിശുദ്ധ സിംഹാസനം അംഗീകരിച്ച് കഴിഞ്ഞതോടുകൂടി അത് സഭയിലെ നിയമമായിക്കഴിഞ്ഞു എന്നുള്ളതാണ്.

**മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലും, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരും, 2024 ജൂലൈ ഒന്നിന് പുറപ്പെടുവിച്ച വിശദീകരണ കുറിപ്പിൽ കാനോനിക പൊരുത്തക്കേടുകൾ നിറഞ്ഞതാണ്. ഇത് പരിശുദ്ധ സിനഡ് പിതാക്കന്മാർ ഗൗരവപൂർവ്വം പരിശോധിക്കേതാണ്.**

ജൂലൈ ഒന്നിന്റെ വിശദീകരണക്കുറിപ്പിൽ പറഞ്ഞിരിക്കുന്ന മൂന്ന് കാര്യങ്ങൾ സിനഡിന്റെ തീരുമാനങ്ങൾക്ക് ഘടകവിരുദ്ധമാണ് എന്ന് പറയേതില്ലല്ലോ. ജൂലായ് 1 ലെ കുറിപ്പിന്റെ രാമത്തെ വിശദീകരണം ആയി നൽകിയിട്ടുള്ള 'നിലവിലുള്ള സ്ഥിതി തുടരാം' എന്ന് പ്രസ്താവിച്ച തീരുമാനം, പരിശുദ്ധ സീറോ മലബാർ സഭയുടെ ഉന്നത അധികാര ബോഡിയായ സിനഡിന്റെ പരമോന്നത അധികാരത്തിൻ മേലുള്ള, നഗ്നവും, അങ്ങേയറ്റം അപലപനീയവുമായ കടന്നുകയറ്റമാണ്. ആരാധനാക്രമ സംബന്ധമായ നിയമനിർമ്മാണത്തിനും നിയന്ത്രിക്കുന്നതിനുമുള്ള പരിശുദ്ധ സുന്നഹദോസിന്റെ അന്തർലീനമായ അധികാരം നഗ്നമായി കവർന്നെടുക്കുകയും അതുവഴി സീറോ മലബാർ സഭ സിനഡിന് തുരങ്കം വയ്ക്കുകയും ചെയ്യുന്നു എന്ന വിശ്വാസികളായ ഞങ്ങൾ വിലയിരുത്തുന്നു. ആയതിനാൽ സിനഡ് പിതാക്കന്മാർ ജൂലൈ ഒന്നിന് പുറത്തിറങ്ങിയ സമവായ അറിയിപ്പ് വ്യാഖ്യാനങ്ങൾ പൂർണമായും തള്ളിക്കളയുകയും റദ്ദ് ചെയ്യുകയും ചെയ്യേണ്ടതാണ്.

പരിശുദ്ധ സുന്നഹദോസിന്റെ അനിയന്ത്രിതമായ പരമാധികാരത്തിനും, നിലനിൽപ്പിനും വേി ഉറച്ചുനിൽക്കാൻ വിശ്വാസികളായ ഞങ്ങൾ ആഗ്രഹിക്കുന്നു. എറണാകുളം-അങ്കമാലി മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പിനെയും അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്ററെയും ഏതാനും ബിഷപ്പുമാരുടെയും ചില തീരുമാനങ്ങളും , സഭാ വിരുദ്ധ സമവായ നടപടിക്രമങ്ങളെയും ഞങ്ങൾ നിശിതമായി അപലപിക്കുന്നു.സിനഡിന്റെ അധികാരങ്ങൾ നഗ്നമായി അപഹരിക്കുന്ന സിനഡൽ ഉത്തരവുകളോടും കാനോനിക മാനദണ്ഡങ്ങളോടും കാണിക്കുന്ന അവഗണന അങ്ങേയറ്റം സങ്കടം ഉളവാക്കുന്നതാണ് എന്ന് പറയാതെ വയ്യ.

വ്യക്തിപരമായ നേട്ടമോ ഔന്നത്യമോ അന്വേഷിക്കാതെ, സിനഡിനുള്ളിൽ കൂട്ടായ തീരുമാനങ്ങളുടെയും കൂട്ടായ ഭരണത്തിന്റെയും പ്രഥമസ്ഥാനം ഉയർത്തിപ്പിടിച്ചുകൊണ്ട് തന്നെ, മാർപാപ്പായോടും പരിശുദ്ധ സിംഹാസനത്തോടും സീറോ മലബാർ സിനഡിനോടും അചഞ്ചലമായ ഐക്യദാർഢ്യത്തിൽ ഞങ്ങൾ വിശ്വാസികൾ നിലകൊള്ളുന്നു. വ്യക്തിപരമായ ഉദ്ദേശ്യങ്ങൾക്കോ, ചില മെത്രാൻ അജകൾക്കോ വേണ്ടിയുള്ള സിനഡിന്റെ അധികാരത്തെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്ന ദുഷ്ടശക്തികളെ പല്ലും നഖവും ഉപയോഗിച്ച് , സീറോ മലബാർ വിശ്വാസികളായ ഞങ്ങൾ എതിർക്കുക തന്നെ ചെയ്യും.

എറണാകുളം - അങ്കമാലി ആർച്ച് ബിഷപ്പ് എന്ന നിലയിൽ മേജർ ആർച്ച് ബിഷപ്പ് ഏകപക്ഷീയമായി ആരാധനക്രമ കുറിപ്പടികൾ ജൂലായ് ഒന്നിന്റെ സമവായ തീരുമാനത്തിലൂടെ പരിഷ്ക്കരിച്ചും, സിനഡൽ ഉത്തരവുകൾക്കും പ്രഖ്യാപനങ്ങൾക്കും വിരുദ്ധമായ നിർദ്ദേശങ്ങളും ആരാധനക്രമ ചട്ടങ്ങളും ലംഘിച്ച് അധികാര ദുർവിനിയോഗം നടത്തിയതും അപലപനീയമാണ്. അനുസരണക്കേടിന്റെ ഈ പ്രവൃത്തി അധികാരത്തിന്റെ അതിരുകടന്ന ദുരുപയോഗമാണ് ( ultra vires ) മനഃപൂർവം അനുസരിക്കാത്തതും ,അധികാര ദുർവിനിയോഗവും കാനോൻ നിയമപ്രകാരം ശിക്ഷാർഹമാണ് എന്ന് സഭ നിഷ്കർഷിക്കുന്നുല്ലോ. (CCEO, cc. 1464, 1446, 1447).

എറണാകുളം - അങ്കമാലി ഒഴികെയുള്ള സീറോ മലബാർ സഭയിലെ എല്ലാ ഇടവകകളിലും 1999 - ലെ സുന്നഹദോസ് തീരുമാനത്തിന്റെ ഏകീകൃത വിശുദ്ധ കുർബാന നടപ്പിലാക്കാൻ, 20 വർഷമെടുത്തു എന്നത് പരിശുദ്ധ സുന്നഹദോസ് ശ്രദ്ധിക്കേതാണ്. എറണാകുളം അതിരൂപതയിൽ 24 വർഷമായിട്ടും ചർച്ചകൾ തീർന്നിട്ടില്ല. അതിനാൽ, എറണാകുളം - അങ്കമാലി വൈദികരുടെ ധാർഷ്ട്യവും അനുസരണക്കേടും കാരണം 'ജനാഭിമുഖ കുർബാന' ഭാഗികമായി പോലും അനുവദിക്കാനുള്ള ഏതൊരു കുൽസിത ശ്രമവും തടയപ്പെടേതും, വത്തിക്കാനിൽ നിന്ന് ഇതിനകം ലഭിച്ച നിർദ്ദേശമനുസരിച്ച് , അത്യാവശ്യവും അടിയന്തരവുമായ സഭാ നടപടികളിലൂടെ പരിഹരിക്കപ്പെടണം. എറണാകുളം - അങ്കമാലി അതിരൂപതയിലെ 50 - ൽ താഴെ വൈദികരാണ് ജൂൺ 21 - ന് സൂനഹദോസിനു ശേഷമുള്ള അറിയിപ്പ് അനുസരിച്ച് ഏകീകൃത വിശുദ്ധ കുർബാന ആഘോഷിക്കുന്നത്. അതും വിശ്വാസികൾ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നത് ഒഴിവാക്കാൻ വേണ്ടി, വിശുദ്ധ കുർബാന ആർക്കോവേണ്ടി, എന്തിനോ വേണ്ടി എന്ന മട്ടിൽ, തികച്ചും അസ്സമയങ്ങളിൽ ക്രമീകരിക്കപ്പെട്ട് വരുന്നു. **സുന്നഹദോസ് ഈ ഘടകങ്ങളെല്ലാം പരിഗണിച്ച് , ജനാഭിമുഖ കുർബാന അടിയന്തരമായി നിർത്തലാക്കണം.**

## 5. പരിശുദ്ധ സിനഡിന്റെ സുപ്രീം അതോറിറ്റി

പരിശുദ്ധ സിനഡ് സീറോ മലബാർ, സുയി യൂറിസ് സഭയുടെ പരമോന്നത അധികാര സമിതിയായി നിലകൊള്ളുന്നു. പരിശുദ്ധ സിംഹാസനം അംഗീകരിച്ച സീറോ - മലബാർ ആരാധനക്രമത്തെക്കുറിച്ചുള്ള ഉത്തരവ് ഒരു മാർഗരേഖ മാത്രമല്ല, നിർബന്ധിത കൽപ്പനയാണ്. ( Mandatory Order). ഈ കൽപ്പന ഉയർത്തിപ്പിടിക്കാനും നമ്മുടെ ആരാധനാക്രമ പാരമ്പര്യം സംരക്ഷിക്കാനും സിനഡ് നിർണ്ണായകമായി പ്രവർത്തിക്കണം. അഗാധമായ സഭാപരമായ ധൈര്യവും നേതൃത്വവും പ്രയോഗിക്കാൻ സിനഡ് പിതാക്കന്മാർ വിളിക്കപ്പെട്ടിരിക്കുന്നു. ഇതിൽ മടിച്ചുനിൽക്കാനോ പിന്മാറാനോ ഉള്ള സമയമല്ല ഇത്; ധൈര്യപൂർവ്വവും, വ്യക്തവും ദൃഢവുമായ പ്രവർത്തനം ആവശ്യപ്പെടുന്ന ഒരു നിമിഷമാണിത്.

നമ്മുടെ ആരാധനാക്രമങ്ങളുടെ സമഗ്രത കാത്തുസൂക്ഷിക്കാൻ, ആവശ്യമായ ശക്തിയും ബോധ്യവും ഉൾക്കൊണ്ടുകൊണ്ട്, ,സഭക്കെതിരെയുള്ള ഏതൊരു വെല്ലുവിളികളെയും ഏറ്റെടുത്തുകൊണ്ട് തന്നെ, ഇടയന്മാരായ സിനഡ് പിതാക്കന്മാർ തീരുമാനങ്ങൾ കൈക്കൊള്ളണം. നമ്മുടെ പാരമ്പര്യങ്ങളെ സംരക്ഷിക്കാനും, അവ സംരക്ഷിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാനും, സഭ പിതാക്കന്മാരുടെ നേതൃത്വത്തെയാണ് ആശ്രയിക്കുന്നത്. ഒരു ഭരണസമിതി എന്ന നിലയിൽ മാത്രമല്ല, നമ്മുടെ വിശുദ്ധ പൈതൃകത്തിന്റെ സംരക്ഷകർ എന്ന നിലയിലും സിനഡിന് അതിന്റെ പങ്ക് സ്ഥിരീകരിക്കാനും ഉയർത്തിപ്പിടിക്കാനുമുള്ള അവസരമാണിത്. ഉറച്ച നിലപാട് സ്വീകരിക്കുകയും സമഗ്രതയോടെ നയിക്കുകയും ചെയ്യുന്നതിലൂടെ, സിനഡ് അതിന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുക മാത്രമല്ല, സഭയ്ക്കുള്ളിൽ ആത്മവിശ്വാസവും ഐക്യവും പ്രചോദിപ്പിക്കുകയും ചെയ്യും. നമ്മുടെ ആരാധനാക്രമ പാരമ്പര്യങ്ങളുടെ ഭാവിയും സീറോ മലബാർ സഭയുടെ ഐക്യവും തലമുറകൾക്ക് സുരക്ഷിതമാക്കിക്കൊ് ഈ കടമ അർഹിക്കുന്ന ധീരതയോടും അർപ്പണബോധത്തോടും കൂടി സിനഡ് പിതാക്കന്മാർക്ക് സ്വീകരിക്കാൻ സാധിക്കട്ടെ. 2024 ആഗസ്റ്റ് മാസത്തിലെ സീറോ മലബാർ സഭയുടെ സമ്പൂർണ്ണ സിനഡ്, ആഗോള കത്തോലിക്കാ സഭയ്ക്ക്, അഭിമാനകരമായി തീരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.*

മാർ തോമാ നസ്രാണി സംഘത്തിനുവേി

റെജി ഇളമത
പ്രസിഡന്റ്

MAR THOMA NASRANI SANGHAM
KOCHI-682039

സേവിയർ മാടവന
ജനറൽ സെക്രട്ടറി